(ബി) ബോർഡിന്റെ പ്രസരണ വിതരണത്തിലെ നഷ്ടം ഇപ്പോൾ എത്ര ശതമാനമാണ്?

ഉത്തരം

(എ) ഇലക്ട്രിസിറ്റി ബോർഡിന്റെ പ്രസരണ വിതരണ നഷ്ടം കുറയ്ക്കുന്നതിനുള്ള നടപടികളും മുന്തിയ പരിഗണന നൽകി നടപ്പാക്കി വരുന്നു. പ്രസരണ വിതരണ നഷ്ടം ഓരോ വർഷവും 2% വീതം കുറയ്ക്കുന്നതിനുള്ള നടപടികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

(ബി) 2004-2005-ൽ സംസ്ഥാനത്ത് വൈദ്യുതി പ്രസരണ വിതരണ നഷ്ടം 25.39 ശതമാനമായിരുന്നു.

ഇലക്ട്രോണിക് മീറ്ററുകളുടെ ഗുണനിലവാരം

2 [1991] ശ്രീ. വി. ചെന്താമരാക്ഷൻ:
ശ്രീമതി ഗിരിജാ സുരേന്ദ്രൻ:
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുഴുവൻ വൈദ്യുത ഉപഭോക്താക്കൾക്കും ഇലക്ട്രോണിക് മീറ്റർ ഏർപ്പെടുത്താൻ ഇലക്ട്രിസിറ്റി ബോർഡ് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഇതിനകം എത്ര ഇലക്ട്രോണിക് മീറ്റർ സ്ഥാപിക്കുകയുണ്ടായി; സ്ഥാപിക്കപ്പെട്ടവ പിഴവ് സംഭവിക്കാനിടയില്ലാത്തതാണെന്ന് ഉറപ്പു വരുത്തിയിട്ടുള്ളതാണോ;

(സി) ഏതെല്ലാം സ്ഥാപനങ്ങൾക്ക് എന്തുമാത്രം ഇലക്ട്രോണിക് മീറ്ററുകൾ സപ്ലൈ ചെയ്യാൻ ഇലക്ട്രിസിറ്റി ബോർഡ് ഉത്തരവ് നൽകിയിട്ടുണ്ട്;

(ഡി) ഇലക്ട്രോണിക് മീറ്ററുകൾ സ്ഥാപിക്കാൻ തുടങ്ങിയതിനു ശേഷം ബോർഡ് വാങ്ങിയ എത്ര മീറ്ററുകൾ ഇതിനകം തകരാറിലായതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്;

(ഇ) ഇലക്ട്രോണിക് മീറ്റർ ഏർപ്പെടുത്തിയതുവഴി ബോർഡിന്റെ വരുമാനത്തിലുണ്ടായ മാറ്റം വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഇപ്പോൾ ഉപയോഗത്തിലുള്ള ഇലക്ട്രോ മെക്കാനിക്കൽ മീറ്ററുകൾക്ക് ചെറിയ ഉപഭോഗം റക്കോഡു ചെയ്യാൻ കഴിവില്ല. എന്നാൽ ഇലക്ട്രോണിക് മീറ്ററുകൾക്ക് ചെറിയ വൈദ്യുതി ഉപഭോഗംപോലും രേഖപ്പെടുത്താൻ കഴിയും. കേന്ദ്ര സഹായമുള്ള പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഇലക്ട്രോണിക് മീറ്ററുകൾ സ്ഥാപിക്കണമെന്നുള്ള നിബന്ധനയുണ്ട്. കൂടാതെ വൈദ്യുതി മോഷണം കുറയ്ക്കുവാനും കഴിയും. ആയതിനാലാണ് ഇലക്ട്രോണിക് മീറ്റർ എർപ്പെടുത്താൻ ബോർഡ് തീരുമാനിച്ചത്.

(ബി) 2802360. കർശനമായ ഗുണനിലവാരം ഉറപ്പാക്കിയാണ് മീറ്ററുകളുടെ ടെണ്ടറുകൾ വിളിക്കുന്നതും ഓർഡർ നൽകുന്നതും. മീറ്റർ സപ്ലൈ ചെയ്യാനുള്ള ഓർഡർ നൽകുന്നതിനുമുമ്പ് മീറ്ററുകൾ IS നമ്പർ 13779/99

LIBRARY ARCHIVES Kerala Legislative Assembly

പ്രകാരമുള്ള പരിശോധന നടത്തുന്നുണ്ട്. കൂടാതെ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽനിന്ന് ടെസ്റ്റ് ചെയ്ത 5 മിറർ ലാമ്പ് എല്ലാ സെക്ഷനുകളിലും നൽകിയിട്ടുണ്ട്. അതുപയോഗിച്ചുള്ള ടെസ്റ്റുകളും നടത്തുന്നുണ്ട്.

(സി) ഇലക്ട്രോണിക് മീറർ സപ്ലൈ ചെയ്യാൻ 1999-മുതൽ ഇന്നുവരെ ബോർഡ് ഉത്തരവ് നൽകിയിട്ടുള്ള കമ്പനികളുടെ പേര്, എണ്ണം എന്നിവ താഴെ ചേർക്കുന്നു:

ക്രമ നമ്പർ	കമ്പനിയുടെ പേര്	സിംഗിൾ ഫേസ്	ത്രീഫേസ്
1	ഇലക്ട്രോൺ എനർജി എക്വിപ്മെന്റ്. നോയിഡ	100000	10500
2	ഇന്ത്യാ മീറർ ലിമിറ്റഡ്, ചെന്നൈ		4500
3	കെൽട്രോൺ കൗൺടേർസ്, തിരുവനന്തപുരം		1000
4	ബി. എച്ച്. ഇ. എൽ. ലിമിറ്റഡ്, ചെന്നൈ		14500
5	യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ്, കൊല്ലം	927500	
6	ഓം നി അഗേറ്റ് സിസ്റ്റം, ചെന്നൈ	150000	
7	എ. വി. ഒ. എൻ. മീറർ (പ്രൈവറ്റ്) ചണ്ഡിഗഡ്	100000	
8	കൃപ്പിറൽ പവർ സിസ്റ്റം, നോയിഡ	300000	
9	എലിമർ ഇലക്ട്രിക് കമ്പനി, ഡൽഹി	934379	231250
10	എലിമർ ഇൻറർനാഷണൽ പ്രൈവറ്റ് ലിമിറ്റഡ്, ഡൽഹി	934379	141250

(ഡി) 169160

(ഇ) ഏകദേശം 10 ശതമാനം വർദ്ധനവ് വരുമാനത്തിലുണ്ടായിട്ടുണ്ട്.

കെ. എസ്. ഇ. ബി.-യുടെ പുനഃസംഘടന

3. [1992] ശ്രീ. കെ. എ. ചന്ദ്രൻ:
,, സി. പി. മുഹമ്മദ്:
,, കെ. മോഹൻകുമാർ:
,, ജി. കാർത്തികേയൻ:
,, വി. ജെ. പൗലോസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ഇ. ബി.-യുടെ പുനഃസംഘടനയ്ക്കും മറ്റുമായി ഇ. ഐ. എസ്. പി. (എനർജി ഇൻഫ്രാസ്ട്രക്ചർ സർവ്വീസസ് പ്രോജക്ട്) എന്ന പേരിൽ കനേഡിയൻ ഡെവലപ്മെന്റ് അതോറിറ്റി എത്ര തുകയാണ് അനുവദിച്ചത്; ഇതിൽ ഗ്രാന്റ് എത്ര; ലോൺ എത്ര; ഇതു സംബന്ധിച്ച കരാറും ബോർഡിന്റെ ഉത്തരവുകളും ലഭ്യമാക്കുമോ;

2/7—7

LIBRARY ARCHIVES Kerala Legislative Assembly